Major Archeparchy of Ernakulam-Angamaly
Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906, 2363664 • Fax: 0484-2355010
E-mail: curiaekm@hotmail.com • Web: www.ernakulamarchdiocese.org

12-04-2024

**ഈശോയിൽ പ്രിയ ബഹുമാനപ്പെട്ട അച്ചാ,**

വിശുദ്ധ കുർബാനയുടെ അർപ്പണരീതിയുമായി ബന്ധപ്പെട്ടു നമ്മുടെ അതിരൂപതയിൽ നിലനില്ക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കേണ്ടത് ഒരു അടിയന്തരകാര്യമായിത്തീർന്നിരിക്കുന്നു. 2021 നവംബർ 28-നു നടപ്പിലായ ഏകീകൃത വിശുദ്ധ കുർബാനക്രമം നമ്മുടെ അതിരൂപതയിൽ ഏതാനും ചില ഇടവകകളിൽ മാത്രമേ ഇതുവരെ നടപ്പിലാക്കിയിട്ടുള്ളൂ. സിനഡിന്റെ ഈ തീരുമാനം നടപ്പിലാക്കാൻ അതിരൂപതയോടു മാത്രമായി പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ രണ്ടു തവണ പ്രത്യേകം ആഹ്വാനം ചെയ്തതുമാണ്. എന്നാൽ, ഇതുവരെയും നമുക്ക് അതിനു സാധിച്ചില്ല.

സീറോമലബാർസഭയുടെ ഏകീകൃത വിശുദ്ധ കുർബാന അർപ്പണരീതി നമ്മുടെ അതിരൂപതയിലും നടപ്പിലാക്കണം എന്നതും അതിൽനിന്നു അതിരൂപതയ്ക്കു പ്രത്യേക ഒഴിവ് ഒരുതരത്തിലും ലഭിക്കുകയില്ല എന്നതും നാളിതുവരെ ഇക്കാര്യത്തിൽ നടന്ന ചർച്ചകളിലും വത്തിക്കാനിൽനിന്നു ലഭിച്ച കത്തുകളിലും വ്യക്തമാക്കിയിട്ടുള്ള കാര്യമാണ്. ഈ സാഹചര്യത്തിലാണ് എറണാകുളം-അങ്കമാലി അതിരൂപതയുടെ മെത്രാപോലീത്ത കൂടിയായ മേജർ ആർച്ചുബിഷപ്പും അതിരൂപതയുടെ ഭരണചുമതല ഇപ്പോൾ നിർവഹിക്കുന്ന അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററും ഒരുമിച്ചു ഇങ്ങനെയൊരു കത്ത് അതിരൂപതയിലെ എല്ലാ അച്ചൻമാർക്കും എഴുതുന്നത്.

പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പയുടെ വീഡിയോസന്ദേശത്തിനുശേഷവും ഏകീകൃത കുർബാനക്രമം അതിരൂപതയിൽ നടപ്പിലാക്കാത്തതു പരിശുദ്ധ സിംഹാസനം വളരെ ഗൗരവത്തോടെയാണു കാണുന്നത്. ഒരു അവസാനവട്ട ശ്രമമെന്നനിലയിൽ, അതിരൂപതയിൽ നിലനില്ക്കുന്ന പ്രത്യേക സാഹചര്യം കണക്കിലെടുത്തു, സമയബന്ധിതമായി ഏകീകൃത കുർബാന അർപ്പണരീതി അതിരൂപതയിലെ എല്ലാ ഇടവകകളിലും നടപ്പിലാക്കാനുള്ള ഒരു കർമപദ്ധതി തയ്യാറാക്കിയാൽ അത് പരിശുദ്ധ സിംഹാസനത്തിൽ അംഗീകാരത്തിനുവേണ്ടി സമർപ്പിക്കാമെന്നു ഞങ്ങൾ കരുതുന്നു. 2024 മെയ് മാസത്തിൽ റോമിൽ നടക്കുന്ന അധികാരികളുമായുള്ള കൂടിക്കാഴ്ചയിൽ ഈ കർമപദ്ധതി അവതരിപ്പിക്കണം. അതിനായി, ഏകീകൃത വിശുദ്ധ കുർബാന അർപ്പണരീതി നടപ്പിലാക്കാനുള്ള അതിരൂപതാ വൈദികരുടെ സന്നദ്ധത വ്യക്തമാക്കുന്ന, കൃത്യവും ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽ നടപ്പിലാക്കുന്നതുമായ ഒരു പദ്ധതി തയ്യാറാക്കി 2024 ഏപ്രിൽ 25-നു മുമ്പായി ഏല്പ്പിക്കാൻ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററോടു മേജർ ആർച്ചുബിഷപ്പ് രേഖാമൂലം ആവശ്യപ്പെട്ടിട്ടുണ്ട്.

പൗരസ്ത്യസഭകൾക്കുവേണ്ടിയുള്ള കാര്യാലയത്തിന്റെ തലവൻ കർദിനാൾ ക്ലൗദിയോ ഗുജറോത്തി ഈ ദിവസങ്ങളിൽ എഴുതിയ കത്തിൽ (Prot. N. 144/2023, dated 26 March 2024) വ്യക്തമാക്കിയിരിക്കുന്നതുപോലെ, അവസാനവട്ട അവസരവും പ്രയോജനപ്പെടുത്താതെ, വിശുദ്ധ കുർബാനയുടെ ഏകീകൃതക്രമം നടപ്പിലാക്കാത്ത വൈദികർക്കെതിരെ

സഭാനിയമം അനുശാസിക്കുന്ന അച്ചടക്കനടപടികൾ സ്വീകരിക്കേണ്ടതായിവരും എന്നതും ഈ കത്തിലൂടെ വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു.

അതുകൊണ്ട്, ഏകീകൃത വിശുദ്ധ കുർബാന അർപ്പണരീതി നമ്മുടെ എല്ലാ ഇടവകകളിലും നടപ്പിലാക്കാൻ ഉതകുന്ന ഒരു കർമപദ്ധതി തയ്യാറാക്കാൻ ബഹുമാനപ്പെട്ട അച്ചന്മാർ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ പിതാവിനോടു സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഏകീകൃത കുർബാനയർപ്പണരീതി നടപ്പിലാക്കുന്നതുമായി ബന്ധപെട്ട് ഇടവകകളിൽ വിഭാഗീയത വളർന്നു വർധിക്കുന്നതുമായ സാഹചര്യം നമ്മുടെ അതിരൂപതയ്ക്കു ഒരുവിധത്തിലും നന്മയാവില്ല എന്നതും പ്രിയപ്പെട്ട അച്ചന്മാർ കണക്കിലെടുക്കുമല്ലോ.

ജനാഭിമുഖ കുർബാനയോടുള്ള വൈകാരികമായ അടുപ്പം മനസ്സിലാക്കുമ്പോൾത്തന്നെ, കർത്താവ് വലിയ കരുണയോടും പ്രതീക്ഷയോടുംകൂടെ തന്റെ സഭയിലൂടെ നമ്മെ ഭരമേൽപ്പിച്ച പൗരോഹിത്യശുശ്രൂഷ അവികലമായി തുടരാൻ നിങ്ങൾക്ക് ഓരോരുത്തർക്കും കഴിയേണ്ടതിനും സഭയുടെ ഐക്യം കാത്തുസൂക്ഷിക്കുന്നതിനുംവേണ്ടി ഏകീകൃത വിശുദ്ധ കുർബാന അർപ്പണരീതി ത്യാഗപൂർവം നടപ്പിലാക്കാൻ നിങ്ങളോടു ഞങ്ങൾ ഒരിക്കൽക്കൂടി അഭ്യർഥിക്കുന്നു.

ദൈവമഹത്വവും കർത്താവിന്റെ സഭയിലെ ഐക്യവും കൂട്ടായ്മയും സാധ്യമാക്കുന്നതിനുവേണ്ടി പ്രവർത്തിക്കാൻ ആവശ്യമായ അനുഗ്രഹം പരിശുദ്ധാത്മാവ് നിങ്ങൾക്ക് നൽകട്ടെ എന്ന് പ്രാർഥിച്ചുകൊണ്ട്, നിങ്ങളെല്ലാവരെയും ഈശോയുടെ തിരുഹൃദയത്തിൽ സമർപ്പിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവം,

**മാർ റാഫേൽ തട്ടിൽ**
സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ്
എറണാകുളം-അങ്കമാലി അതിരൂപതയുടെ മെത്രാപ്പോലീത്ത

**ബിഷപ്പ് ബോസ്കോ പുത്തൂർ**
എറണാകുളം-അങ്കമാലി അതിരൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ